# ിപ്പലിന്റെ ഗോൾഡൻ പഞ്ച്




ജില്ലാ കരാട്ടെ ചാമ്പ്യൻഷിപ്പിൽ സ്വർണ മെഡിൽ നേടിയ ആളൂർ ആർഎം എച്ച്എസ്എസ് പ്രിൻസിപ്പൽ ടി.ജെ. ലെയ്സൻ.

നേടിയ വിജയം തന്റെ ദീർഘ കാല പരിശീലനം വഴിയാണു സാക്ഷാത്കരിച്ചത്. സിനിമകളിലും ഹ്രസ്വചിത്രങ്ങളിൽ അഭിനയിച്ചിട്ടുള്ള ലെയ്സൻ ഗാനരചന, തിരക്കഥ, നിർമാണം എന്നീ മേഖലകളിലും പ്രവർത്തിക്കുകയും ചെയ്തു.

സ്കൂൾ റവന്യു ജില്ലാ കായിക മേളയിലെ 100 മീറ്റർ ഓട്ടമത്സരത്തിലെ ജേതാവായ ലെയ്സൻ സംസ്ഥാന മാസ്റ്റേഴ്സ് ചാമ്പ്യൻഷിപ്പിലും പങ്കെടുത്തിട്ടുണ്ട്.

പ്രിൻസിപ്പിലായ സേവനത്തിനിടെ ഫുട്ബോൾ, ക്രിക്കറ്റ്, അത്‌ലറ്റിക് മേഖലകളിൽ പുതിയ പ്രതിഭകളെ കണ്ടെത്തി വേണ്ട സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുന്നതിനാൽ മികച്ച താരങ്ങളെ വാർത്തെടുക്കാനും കഴിഞ്ഞിട്ടുണ്ട്.



ജില്ലാ വനിതാ വോളിബോൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ കൊരട്ടി പൊങ്ങം നൈപുണ്യ കോളജ് ടീം.

## ജില്ലാ വനിതാ വോളിബോൾ ചാമ്പ്യൻഷിപ്പ്

കൊരട്ടി: ജില്ലാ വനിത വോളിബോൾ ചാമ്പ്യൻഷിപ്പ് പൊങ്ങം നൈപുണ്യ കോളജിൽ നടന്നു. സീനിയർ, യൂത്ത് വിഭാഗങ്ങളിലായി നടന്ന മത്സരങ്ങളിൽ ആതിഥേയർ ജേതാക്കളായി. സീനിയർ ചാമ്പ്യൻഷിപ്പിൽ പരിയാരം പടിഞ്ഞാക്കര സ്പോർട്സ് അസോസിയേഷനെയും യൂത്ത് ചാമ്പ്യൻഷിപ്പിൽ എസ്എച്ച്സിജിഎച്ച്എസ്എസ് ചാലക്കുടിയേയും പരാജയപ്പെടുത്തിയാണ് നൈപുണ്യ കോളജ് ജേതാക്കളായത്. കോളജ് പ്രിൻസിപ്പലും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഫാ. ഡോ. കെ.ജെ. പോളച്ചൻ മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. ജില്ലാ വോളിബോൾ അസോസിയേഷൻ സെക്രട്ടറി പി. ജോഷി ജോർജ് അധ്യക്ഷനായി. സംസ്ഥാന വോളിബോൾ അസോസിയേഷൻ ജോയിന്റ് സെക്രട്ടറി ശശിധരൻ പനമ്പിള്ളി സമ്മാനദാനം നിർവഹിച്ചു.

LIBRARY ... & INFORMATION ...